**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2533** **23-02-2026 - ൽ മറുപടിയ്ക്ക്**

**മട്ടന്നൂർ മണ്ഡലത്തിലെ കാഞ്ഞിരോട് കൈത്തറി ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കൈത്തറി മേഖലയുടെ വളർച്ചയ്ക്ക് പുതിയ സാധ്യതകൾ കണ്ടെത്തുക എന്ന ലക്ഷ്യം മുൻനിർത്തി പ്രഖ്യാപിച്ച മട്ടന്നൂർ മണ്ഡലത്തിലെ കാഞ്ഞിരോട് കൈത്തറി ഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിന് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | കണ്ണൂർ ജില്ലയിലെ മട്ടന്നൂർ നിയമസഭാ മണ്ഡലത്തിലെ കാഞ്ഞിരോട് കൈത്തറി ഗ്രാമം പദ്ധതിയുടെ site clearance & land survey പ്രവർത്തനങ്ങൾക്കായി 2022-23 സാമ്പത്തിക വർഷം 5 ലക്ഷം രൂപ റിലീസ് ചെയ്തു നൽകിയിരുന്നു. പദ്ധതിയ്ക്കായി 2025-26 സാമ്പത്തികവർഷം ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 10 ലക്ഷം രൂപയിൽ നിന്നും പദ്ധതിയുടെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ഇ-ടെൻഡർ മുഖേന Project Management Consultancy-യെ തെരഞ്ഞെടുക്കുന്നതിനായി 5 ലക്ഷം രൂപ റിലീസ് ചെയ്ത് നൽകിയിട്ടുണ്ട്.<br><br>കാഞ്ഞിരോട് കൈത്തറി ഗ്രാമം പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം ടെക്നോളജിയെ നിയോഗിക്കുകയും വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള പ്രോജക്റ്റ് മാനേജ്മെന്റ് കൺസൾട്ടൻസിയെ കണ്ടെത്തുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. |
| (ബി) | പ്രസ്തുത പദ്ധതിക്ക് ഈ വർഷത്തെ ബജറ്റിൽ എത്ര തുക നീക്കിവച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ? | (ബി) | കാഞ്ഞിരോട് കൈത്തറി ഗ്രാമം പദ്ധതിയ്ക്കായി 2025-26 സാമ്പത്തികവർഷ ബഡ്ജറ്റിൽ 10 ലക്ഷം രൂപ വകയിരുത്തുകയും 5 ലക്ഷം രൂപ നാളിതു വരെ റിലീസ് ചെയ്തു നൽകിയിട്ടുണ്ട്. 2026-27 സാമ്പത്തിക വർഷ ബഡ്ജറ്റിൽ പദ്ധതിയ്ക്കായി 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ